# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 4276.** 28/06/2012 - ലെ മറുപടിക്ക്

**ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.രാജു : | | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | അനുവദിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ഈ തസ്തികയിലെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | വർക്ക് ലോഡ് കുറവുള്ള ജൂനിയർ അദ്ധ്യാപകർക്ക് ലൈബ്രേറിയുടെ ചുമതല കൂടി നൽകുന്ന സംവിധാനമാണ് നിലവിലുള്ളത്. |
| (സി) | സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കന്ററി സ്കൂളുകളിലും ലൈബ്രേറിയൻമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഹയർ സെക്കന്ററി സ്കൂളുകളിൽ ഒഴിവുള്ള ലാബ് അസിസ്റ്റന്റുമാരുടെ തസ്തിക നികത്തുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റ് നിയമനത്തിനായുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ല. പി.എസ്.സി വഴിയുള്ള നിയമനം നടക്കുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ ലാബ് അസിസ്റ്റന്റ് നിയമനം നടത്താറുണ്ട്. എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ തസ്തിക നികത്തുന്നതിനുള്ള ശുപാർശകൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ.**